കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നടത്തറ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 9) 1120/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 16/03/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നടത്തറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 9) 1120/2021 തീയ്യതി: 16/03/2022

തൃശ്ശൂർ ജില്ലയിലെ നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2020 മുതൽ 30-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ബിന്ദു എസ് നായർ	ഡെപ്യൂട്ടി ഡയറക്ടർ	14-07-2021	28-07-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
14-07-2021	28-07-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഷോബി വി പി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ഷാജു തോമസ്, ഓഡിറ്റ് ഓഫീസർ(14.07.21 മുതൽ 22.07.21 FN വരെ)
വിദ്യ വിക്രമൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

സുനിത ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ധന്യ എ സുരേന്ദ്രൻ, ഓഡിറ്റർ
സദാനന്ദൻ പി ജി,ഓഡിറ്റ് ഓഫീസർ(22.07.21 FN മുതൽ 28.07.21 വരെ)

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
അഡ്വ.പി ആർ രജിത്ത്	പ്രസിഡന്റ്	01-04-2020	11-11-2020
ഒഴിവ്	പ്രസിഡന്റ്	12-11-2020	29-12-2020
ശ്രീമതി.ശ്രീവിദ്യ രാജേഷ്	പ്രസിഡന്റ്	30-12-2020	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
കെ പി അനിൽ	സെക്രട്ടറി	01-04-2020	05-03-2021
ശോഭിനി കെ എസ്	സെക്രട്ടറി ഇൻ ചാർജ്ജ്	06-03-2021	31-03-2021
റിജോമോൾ ഒ ജെ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2020	22-06-2020
നയന ജോസ് സി	അസിസ്റ്റന്റ് എഞ്ചിനീയർ	23-06-2020	31-03-2021
ശ്രുതി പി ഡി	കൃഷി ഓഫീസർ	01-04-2020	31-03-2021
തനൂജ കെ എം	വി ഇ ഒ നടത്തറ സർക്കിൾ	01-04-2020	31-03-2021
രശ്മി ആർ നായർ	വി ഇ ഒ മൂർക്കനിക്കര സർക്കിൾ	01-04-2020	31-03-2021
ഡോ. ബിന്ദു ബാലകൃഷ്ണൻ	വെറ്ററിനറി സർജൻ	01-04-2020	06-09-2020
ഡോ ശരണ്യ	വെറ്ററിനറി സർജൻ	07-09-2020	31-03-2021
ഡോ ബിന്ദു പി നായർ	മെഡിക്കൽ ഓഫീസർ,ഹോമിയോ	01-04-2020	31-03-2021
ഡോ രാഖി സുകുമാരൻ	മെഡിക്കൽ ഓഫീസർ ആയുർവേദം	01-04-2020	31-03-2021
ഡോ. ഉമേഷ് എസ്	മെഡിക്കൽ ഓഫീസർ,പി എച്ച് സി	01-04-2020	15-01-2021
ഡോ.ശാലിനി പി എസ്	മെഡിക്കൽ ഓഫീസർ, പി എച്ച് സി	16-01-2021	31-03-2021
സിബി നോബിൾ	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2020	05-07-2020
സുരഭി ടി എസ്	ഐ സി ഡി എസ് സൂപ്പർവൈസർ	06-07-2020	31-03-2021

പത്മിനി ടി എസ്	എച്ച് എം,ജി യു പി എസ് മൂർക്കനിക്കര	01-04-2020	31-03-2021
മഹേഷ് വി സി	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2020	31-03-2021
ശോഭിനി കെ എസ്	അസിസ്റ്റന്റ് സെക്രട്ടറി	01-04-2020	31-03-2021

.

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രിക	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഫണ്ട് വിനിയോഗം	1-4
5	പദ്ധതി അവലോകനം	1-5
6	തൊഴിലുറപ്പ് പദ്ധതി	1-6
7	ക്ഷേമ പെൻഷനുകൾ	1-7
8	ക്യാഷ് ബാലൻസ് പരിശോധന	1-8
9	ആഭ്യന്തര നിയന്ത്രണം	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
11	വസ്തുനികുതി- ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് രേഖപ്പെടുത്തൽ നടത്തുന്നില്ല	1-11
12	വസ്തു നികുതി- ഡിസിബി കണക്കുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല	1-12
13	വാടക,തൊഴിൽ നികുതി-ഡിമാന്റ് ഉത്ഭവിക്കുമ്പോൾ അക്രൂവൽ എൻട്രി രേഖപ്പെടുത്തുന്നില്ല.	1-13
14	കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്	1-14
15	പ്രൊവിഷൻ കണക്കാക്കി ഉൾപ്പെടുത്തിയിട്ടില്ല	1-15
16	Prior Period Items- എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ഇല്ല	1-16
17	മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നില്ല	1-17
18	Capital Contribution -കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.	1-18
19	ലോൺ തിരിച്ചടവ് നടത്തിയിട്ടും ബാധ്യത ശീർഷകത്തിൽ കുറവ് വരുത്തിയിട്ടില്ല	1-19
20	തൊഴിലുറപ്പ്പദ്ധതി -മൂലധനചെലവ് പഞ്ചായത്തിൽ ആസ്തിയാക്കിയിട്ടില്ല	1-20
21	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-21
22	വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല	1-22
23	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-സാക്ഷ്യപ്പെടുത്തുന്നില്ല	1-23
24	വാടക- അപാകതകൾ	1-24
25	വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്-പുനർ നിർണ്ണയിച്ച് കുറവ് വന്ന തുക ഈടാക്കേണ്ടതാണ്.	1-25

26	റഗുലറൈസ് ചെയ്ത കെട്ടിടങ്ങളുടെ വിസ്തീർണ്ണം-സഞ്ചയയിൽ മാറ്റം വരുത്തിയിട്ടില്ല.	1-26
27	തുടർ സാക്ഷരതാ പ്രവർത്തനം-തുല്യത-രസീത് ഹാജരാക്കേണ്ടതാണ്	1-27
28	കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.	1-28
29	റോഡു പ്രവൃത്തികൾക്ക് 5% ന പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.	1-29
30	എസ്.സി.കുടുംബങ്ങൾക്ക് സൗര റാന്തൽ - വൈദ്യുതീകരിച്ച വീട്ടുള്ളവർക്ക് നൽകി - സബ്സിഡി മാർഗ്ഗരേഖയുടെ ലംഘനം	1-30
31	എസ്.ടി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് കമ്പ്യൂട്ടർ - അപാകതകൾ	1-31
32	മണലിപ്പുഴയിലെ പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യൽ - പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ	1-32
33	ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്റർ-തുക ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു	1-33
34	സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ - കൈപ്പറ്റ് രശീത്/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല	1-34
35	ഗവൺമെന്റ് സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ - അഡ്വാൻസ് തുക കൈമാറിയിട്ടും പ്രവൃത്തി ആരംഭിച്ചില്ല	1-35
36	എസ് എസ് എ വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.	1-36
37	നടത്തറ പ്രാഥമികാരോഗ്യ കേന്ദ്രം HMC വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.	1-37
38	പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ-മാർഗരേഖ പാലിച്ചില്ല.	1-38
39	വനിതകൾക്ക് കറവപശു വിതരണം -മാർഗരേഖ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല	1-39
40	വനിതകൾക്ക് പെണ്ണാട് വളർത്തൽ പദ്ധതി -മാർഗരേഖ പൂർണമായും പാലിച്ചിട്ടില്ല	1-40
41	പി.എച്ച്.സി സബ്സെന്ററിലേക്ക് യു പി.എസ്സും കംപ്യൂട്ടറുകളും വാങ്ങൽ-പദ്ധതി പൂർത്തികരിച്ചിട്ടില്ല	1-41
42	KCWWF റിക്കവറി കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല	1-42
43	വ്യക്തിഗത ബയോഗ്യാസ് പ്ലാന്റ് - കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.	1-43
44	ലൈഫ് ഭവനപദ്ധതി -തുടർനടപടികൾ അറിയിക്കേണ്ടതാണ്.	1-44
45	ലൈഫ് കുടുംബങ്ങൾക്ക് ടോയ്‌ലറ്റ്	1-45
46	വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം-1,50,000/- രൂപ തടസ്സം	1-46
47	ഹഡ്കോ വായ്പ -തിരിച്ചടവ് - എസ്.സി.പി,ടി.എസ്.പി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാത്ത വായ്പ തുക സർക്കാർ പദ്ധതി വിഹിതത്തിൽ നിന്ന് നേരിട്ട് ഈടാക്കുന്നു	1-47
48	ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല.	1-48

ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
8	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

	ബജറ്റ് പ്രകാരമുള്ള സംഖ്യ	റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള സംഖ്യ
വരവ്	14,95,57,536	16,06,93,640
ചെലവ്	14,58,19,581	17,16,80,166

ഗ്രാമപഞ്ചായത്തിന്റെ ബജറ്റ്, 14.02.2020 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കകയുണ്ടായി. പുതുക്കിയ ബജറ്റ് 07.02.2021 തീയതിയിലെ 5(1) ാം തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1-2 വാർഷിക ധനകാര്യ പത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31-07-2021	14.06.2021(AIMS ൽ)

1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

-	തുക (രൂപ)
മുന്നിരിപ്പ്	2,51,35,736
ഓഡിറ്റ് വർഷത്തെ വരവ്	9,98,70,825
ആകെ	12,50,06,561
ഓഡിറ്റ് വർഷത്തെ ചെലവ്	10,28,58,063
നീക്കിയിരിപ്പ്	2,21,48,498

1-4 ഫണ്ട് വിനിയോഗം

ക്രമ നമ്പർ	ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക	കുറിപ്പ്
1	വികസനഫണ്ട് (ജനറൽ)	ഇല്ല	2,24,13,522	2,24,13,522	2,03,62,226	20,51,296	
2	വികസനഫണ്ട് (എസ്.സി.പി)	ഇല്ല	76,29,634	76,29,634	66,60,322	9,69,312	
3	വികസനഫണ്ട് (ടി.എസ്.പി)	ഇല്ല	11,11,749	11,11,749	4,87,467	6,24,282	
4	ധനകാര്യകമ്മീഷൻ ഗ്രാന്റ് (UnTied)	ഇല്ല	1,17,90,496	1,17,90,496	96,50,011	21,40,485	
	ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied)	ഇല്ല	62,20,000	62,20,000	29,82,625	32,37,375	
5.	മെയിന്റനൻസ് ഗ്രാന്റ് റോഡ്	ഇല്ല	1,15,52,000	1,15,52,000	1,15,52,000	ഇല്ല	
6.	മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്	ഇല്ല	45,26,748	45,26,748	45,26,748	ഇല്ല	

1-5 പദ്ധതി അവലോകനം

അംഗീകാരംലഭിച്ചവ (എണ്ണം)	അടങ്കൽ (തുക)	നടപ്പിലാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പിലാക്കിയത്	നടപ്പിലാക്കാത്തത്	പൂർത്തീകരിച്ചതിന്റെ ശതമാനം
289	14,02,02,304	207	8,02,14,403	49	33	71.62%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	ഇല്ല	397430	397430	397430	ഇല്ല
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്		14744000	14744000	14744000	ഇല്ല

1-7 ക്ഷേമ പെൻഷനുകൾ

പദ്ധതിയുടെ പേര്	ചെലവ് തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിതവേതനം	0	0
കർഷകതൊഴിലാളി പെൻഷൻ	54,29,500	3,215
വിധവാ പെൻഷൻ	2,29,96,600	12,536
വാർദ്ധക്യകാലപെൻഷൻ	3,39,41,600	20,902
വികലാംഗപെൻഷൻ	45,86,900	2,720
50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	31,08,200	1,804
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	0	0

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-07-2021 തീയതിയിൽ 3 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7279/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. രജിസ്റ്ററുകളും, വൗച്ചറുകളും മറ്റു രേഖകളും ഏറെക്കുറെ നന്നായി സൂക്ഷിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് സ്ഥലം മാറ്റം ലഭിക്കുന്ന സാഹചര്യത്തിൽ അവരവരുടെ കൈവശമുള്ളതും ചുമതലയിലുള്ളതുമായ രേഖകളും രജിസ്റ്ററുകളും മറ്റും യഥോചിതം ഏൽപ്പിച്ചു പോകുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ACR, പ്രൊക്യൂർമെന്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സ്ഥലം മാറ്റം ലഭിക്കുന്ന സംഗതിയിലും തുടർച്ചയോടെ എഴുതി സൂക്ഷിക്കേണ്ടതാണ്.

ഫ്രണ്ട് ഓഫീസ് നന്നായി പ്രവർത്തിച്ചു വരുന്നു. വാടക കുടിശ്ശിക അധികരിച്ചു വരുന്നതും ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതും പരിശോധനയിൽ കണ്ടു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	12-02-2021 മുതൽ 18-02-2021വരെ	2020 ഏപ്രിൽ മുതൽ ഡിസംബർ വരെ	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	02-12.2020	2015-16 മുതൽ 2019-20 വരെ	04-02-2020

1-11 വസ്തുനികുതി- ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് രേഖപ്പെടുത്തൽ നടത്തുന്നില്ല

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ നടത്തറ ഗ്രാമപഞ്ചായത്തിൽ 204 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ എൻട്രി മാത്രമായി രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ tുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-12 വസ്തു നികുതി- ഡിസിബി കണക്കുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1-12.1തൻവർഷം

റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	3110523	2901715	39664	176072
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	3110523	2894787	ഇല്ല	*176276
	(ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)	(350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ)	*(185090 /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു

1-12.2കുടിശ്ശിക

റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	140079	66687	73487
വാർഷികകണക്കിലെ	*122051	66592	**73621

വിവിധ പത്രികകൾ പ്രകാരം	*(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (94325+33829=128154/105*100)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)	**(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (77302/105X100)=73621

1-12.3 സേവന ഉപനികുതി (റെസിഡൻഷ്യൽ)-തൻവർഷം

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	314162	292470	4425	17818
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	314163	291919	4425	17818
	(ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)	(350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ)	(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

1-12.4 സേവന ഉപനികുതി (റെസിഡൻഷ്യൽ) -കുടിശ്ശിക

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	14093	6713	7415
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	13851	6678	7415
	(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(4,178+34,372=38,550)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)	(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

1-12.5 നോൺ-റെസിഡൻഷ്യൽ -തൻവർഷം

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	2052985	1889162	28735	143111
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	2052985	1881139	28735	*143586
	(ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)	(350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ)	*(150765 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

1-12.6 സേവന ഉപനികുതി (നോൺ-റെസിഡൻഷ്യൽ)-തൻവർഷം

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	208379	188910	2933	15057
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	208379	190389	2933	15057
	(ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്,	(റസീറ്റ് & പേയ്മെന്റ് പത്രിക,	(350410104-Advance Collection-	(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)11

	ഷെഡ്യൂൾ ഐ-1)	ഷെഡ്യൂൾ ആർ.പി-43)	PT On NR Bldg-ന്റെ ലെഡ്ജർ)	

1-12.7 നോൺ-റെസിഡൻഷ്യൽ -കുടിശ്ശിക

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	143150	66485	76715
വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം	139830 (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(113819+33002=146821/105*100)	66435 (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43)	76790 **(80629/105X100)=.........,ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

1-12.8 സേവന ഉപനികുതി (നോൺ -റെസിഡൻഷ്യൽ)-കുടിശ്ശിക

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	14042	6661	7356
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	15984 (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(9693+4158=138,51)	6686 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)	7356

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും സർവ്വീസ് സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. മുകളിൽപ്പറഞ്ഞ ഖണ്ഡികകൾ കാണുക.

1-12-9 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/03/2021ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്ര.ന	ശീർഷകം	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ	സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ
1	350410101-Advance Collection Of Revenues -Property Tax On Residential Building	395140	6832
2	350410104-Advance Collection Of Revenues -Property Tax On Non-Residential Building	170363	5123

1-13 വാടക,തൊഴിൽ നികുതി-ഡിമാന്റ് ഉത്ഭവിക്കുമ്പോൾ അക്രൂവൽ എൻട്രി രേഖപ്പെടുത്തുന്നില്ല.

2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ

അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.(വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക മുകളിൽ ചേർത്തിട്ടുണ്ട്)

ക്ര.ന	വരവിനം	ഡിമാന്റ് ചേർക്കുന്ന ശീർഷകം	ഡിമാന്റ്	രേഖപ്പെടുത്തിയ തീയ്യതി	വൗച്ചർ
1.	കെട്ടിടങ്ങളിൽ നിന്നുള്ള വാടക(...... കെട്ടിടങ്ങൾ)	130100101-Rent From Building	1074616	01/04/2020	42000557
2.	തൊഴിൽ നികുതി	110200101-Prfessionaltax-Instituitions/ Professionals/ Traders	300880 1250	01/04/2020 01/04/2020	42000439 42000582

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-14 കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3ഡി.&ഒ ഡിമാന്റ് രജിസ്റ്റർ
4ലൈബ്രറി രജിസ്റ്റർ

5 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

6 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

7 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

1-15 പ്രൊവിഷൻ കണക്കാക്കി ഉൾപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15(a) പ്രകാരം, വസ്തുനികുതി ഇനത്തിലും, Other Fee ഇനത്തിലും ലഭിക്കാൻ ബാക്കിയുള്ള തുകയിൽ, ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി 31/3/2021 ൽ ചേർത്തിരിക്കുന്ന തുകയായ 160817/-, 31/03/2020ലെ പ്രൊവിഷൻ തുക തന്നെയാണ്. 31/3/2021ലെ പ്രൊവിഷൻ കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-16 Prior Period Items- എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18)	31/3/2021 9ലെ ലെഡ്ജർ ബാക്കി
280100101-Prior Period Income -Property Tax On Residential Buildings	(19945)
280100104-Prior Period Income-Property Tax On Non Residential Buildings	(5350)

280100105-Prior Period Income-Service Cess On Residential Buildings	(242)
280100106-Prior Period Income-Service Cess On Non-Residential Buildings	1942
280200401-Prior Period-Other Incomes	(42720)
280800701-Prior Period- Misellanious Expenses	(2375128)
280200201-Pror Period Income-License Fess	(500)

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-17 മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies” എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നില്ല

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies” എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്ര.ന	പ്രോജക്റ്റ്	വൗച്ചർ നമ്പർ	ഡെപ്പോസിറ്റ് തുക	ചെലവ് രേഖപ്പെടുത്തിയ ശീർഷകം	ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം
1	191/21	22001487/ 14.11.20	450000(KSEB	412010101- Capital Work In Progress	460500202- Advance To Implementing Agencies- DEPOSIT WITH KSEB
		22001486/14.11.20	450000(KSEB)	412010101- Capital Work In Progress	460500202- Advance To Implementing Agencies- DEPOSIT WITH KSEB
		22001394/ 9.6.20	485774(KSEB)	412010101- Capital Work In Progress	460500202- Advance To Implementing Agencies- DEPOSIT WITH KSEB
2	198/21	22001395/ 9.01.21	129596	412010101- Capital Work In Progress	460500202- Advance To Implementing Agencies- DEPOSIT WITH KSEB
3	17/21	22001586/ 3.2.21	23593	412010101- Capital Work In	460500202- Advance To

				Progress	Implementing Agencies- DEPOSIT WITH KSEB
		22001485/ 14.11.20	278690	412010101- Capital Work In Progress	460500202- Advance To Implementing Agencies- DEPOSIT WITH KSEB
		22001703/ 23.03.21	6072	412010101- Capital Work In Progress	60500202- Advance To Implementing Agencies- DEPOSIT WITH KSEB
		22001488/ 14.11.20	242537	412010101- Capital Work In Progress	460500202- Advance To Implementing Agencies- DEPOSIT WITH KSEB
		22001603/ 11.2.21	15742	412010101- Capital Work In Progress	460500202- Advance To Implementing Agencies- DEPOSIT WITH KSEB
		22001771/ 29.3.21	54593	412010101- Capital Work In Progress	460500202- Advance To Implementing Agencies- DEPOSIT WITH KSEB
		22001778/ 30.3.21	75164	412010101- Capital Work In Progress	460500202- Advance To Implementing Agencies- DEPOSIT WITH KSEB
4	298/21	22001591/ 5.2.21	27749	412010101- Capital Work In Progress	460500202- Advance To Implementing Agencies- DEPOSIT WITH KSEB
		22001644/ 1.3.21	31274	412010101- Capital Work In Progress	460500202- Advance To Implementing Agencies- DEPOSIT WITH KSEB
5	192/21	22001331/ 10.5.20	152673	251630101- Electricity Line Extension	460500202- Advance To Implementing Agencies- DEPOSIT

					WITH KSEB
6	252/21	22001150/ 12/2/21	101000	230800110- Sanitation Expences	Advance To Implementing Agencies- Socio Economic Foundation

1-18 Capital Contribution -കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

31/3/2021 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിൽ 18605544 /- രൂപ മൂല്യമുള്ള ആസ്തികൾ (63455713 – 44850169=18605544) തൻവർഷം ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

1-19 ലോൺ തിരിച്ചടവ് നടത്തിയിട്ടും ബാധ്യത ശീർഷകത്തിൽ കുറവ് വരുത്തിയിട്ടില്ല

31/03/2020 ൽ 416313/- രൂപ ഇ.എം.എസ്സ് ഭവന വായ്പ ഇനത്തിൽ തിരിച്ചടവാക്കാൻ ശേഷിച്ചിരുന്നു. ആയത് പ്രോജക്ട് നമ്പർ 19/21, ബിൽ നമ്പർ 4/20-21 തീ.13/5/20 പ്രകാരം അടവാക്കി ലോൺ ക്ലോസ് ചെയ്തിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5 പ്രകാരം 416313/- രൂപ ബാധ്യതയായി കാണിച്ചിട്ടുണ്ട്.

1-20 തൊഴിലുറപ്പ്പദ്ധതി -മൂലധനചെലവ് പഞ്ചായത്തിൽ ആസ്തിയാക്കിയിട്ടില്ല

തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. കാഷ്ബുക്ക് പ്രകാരമുള്ള വരവ് 371855/- രൂപയാണ്. വാർഷിക കണക്ക് പ്രകാരം തൻവർഷവരവ് (ഭരണ നിർവ്വഹണം) 397430/-രൂപയാണ്.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 15141430 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ ആസ്തി നിർമിക്കുന്നതിനുള്ള 1972416/-രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു.വിശദവിവരം ചുവടെ ചേർക്കുന്നു.

ക്ര. നം.	പ്രവൃത്തിയുടെ പേര്	തുക
1	മൈനാർറോഡ് പ്രദേശത്തെ ചൈതന്യനഗർ റോഡ് നിർമ്മാണം	204580
2	പോലൂക്കര ചെറിയ റോഡുകളുടെ നിർമ്മാണം	270984
3	നടത്തറ പ്രദേശത്തെ ഗ്രാമീണ റോഡ് നിർമ്മാണം	169358
4	അമ്പലപ്പാടം ബൈലൈൻ റോഡ് കോൺക്രീറ്റിങ്ങ്	187432
5	വീമ്പ് വാർഡിലെ ചാൽറോഡ് നിർമ്മാണം	310091
6	മുളയം ഐ എച്ച് ഡി പി കോളനി ബൈലൈൻ റോഡ് കോൺക്രീറ്റിങ്ങ്	115525
7	ഫാം റോഡ് സ്ട്രീറ്റ് 1 കോൺക്രീറ്റിങ്ങ്	244812
8	ചേരുംകുഴി പ്രദേശത്തെ ഗ്രാമീണ റോഡ് കോൺക്രീറ്റിങ്ങ് റീച്ച് 1	180218
9	താളിക്കുണ്ട് സൂര്യ നഗർ റോഡ് 2 കോൺക്രീറ്റിങ്ങ്	199725
10	കുമാരപുരം ചെറിയ റോഡുകളുടെ നിർമ്മാണം റീച്ച് 1	89691
		1972416

ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 1972416/-രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ-1972416/-രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

1-21 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-22 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

1-23 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2987238 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1333406 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-24 വാടക- അപാകതകൾ

2020-21 വർഷത്തെ വാടക രജിസ്റ്റർ പ്രകാരം പൂച്ചട്ടി ഷോപ്പിംഗ് കോംപ്ലക്സിലെ 21 മുറികൾ ഉള്ളതിൽ 19 മുറികളും നടത്തറ ഷോപ്പിംഗ് കോംപ്ലക്സിലെ 7 മുറികളും വനിതാ വിപണനകേന്ദ്രത്തിലെ 15 മുറികളും വാടകയ്ക്ക് നൽകിയിട്ടുണ്ട്. ടി കെട്ടിടങ്ങളുടെ വാടകയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു. (ഓഡിറ്റ് എൻക്വയറി നം.9/22.07.2021)

1) വാടക രജിസ്റ്റർ പ്രകാരം 2018-19 വർഷത്തിൽ താഴെ ചേർത്തിരിക്കും പ്രകാരം കുടിശ്ശികയുണ്ട്.

കെട്ടിടം	റൂംനമ്പർ	വാടകക്കാരന്റെ പേര്	കുടിശ്ശിക തുക
പൂച്ചട്ടി ഷോപ്പിങ്ങ് കോംപ്ളക്സ്	12	ഷാജു അറയ്ക്കൽ	26368
,,	15	മിനേഷ് ചന്ദ്രൻ	56700
വനിത കൈത്തൊഴിൽ വിപണന കേന്ദ്രം	4	തങ്കമ്മ കൃഷ്ണൻ	67025
,,	5	സിന്ധു വിജയകുമാർ	61411
,,	6	ശാന്ത ചുക്കത്ത്	15580
,,	8	പ്രസന്ന ചുക്കത്ത്	23955

ഇവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നൽകിയിട്ടുണ്ട്. കുടിശ്ശിക തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2) പൂച്ചട്ടി ഷോപ്പിങ്ങ് കോംപ്ളക്സിലെ റൂം നമ്പർ 13,14,21 എന്നിവയുടേയും നടത്തറ ഷോപ്പിങ്ങ് കോംപ്ളക്സിലെ റൂം നമ്പർ 25,26 എന്നിവയുടേയും വനിതാ കൈത്തൊഴിൽ വിപണന കേന്ദ്രത്തിലെ റൂം നമ്പർ 1,8,10,11,15,17 എന്നിവയുടേയും വാടകക്കാരുമായി പഞ്ചായത്ത് ഒപ്പു വച്ച കരാർ പത്രങ്ങൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. ആയതിൽ തന്നെ റൂം നമ്പർ 8 ന്റെ 31.03.19 ലും, 10 ന്റെ 31.12.19 ലും, 15 ന്റെ 31.07.19ലും കരാർ കാലാവധി പൂർത്തിയായിട്ടുള്ളതും എഗ്രിമെന്റ് പുതുക്കാത്തതുമാണ്. മറ്റു റൂമുകളുടെ 2018 ൽ സമർപ്പിച്ചിട്ടുള്ളതും 2021 വരെ കാലാവധിയുള്ളതുമായ കരാർ പ്രളയത്തിൽ നഷ്ടപ്പെട്ടതായി ഓഡിറ്റ് അന്വേഷണത്തിനു മറുപടി നൽകിയിട്ടുണ്ട്. കരാർ പുതുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) പൂച്ചട്ടി ഷോപ്പിങ്ങ് കോംപ്ളക്സിലെ റൂം നമ്പർ 16 വാടകയ്ക്കു നൽകുന്നതിന് പുനർലേല നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-25 വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്-പുനർ നിർണ്ണയിച്ച് കുറവ് വന്ന തുക ഈടാക്കേണ്ടതാണ്.

ഫയൽ നമ്പർ A7/921/2021, തിയതി 25.01.2021 പ്രകാരം ശ്രീ ജയപ്രകാശ്, ചോൻകുളങ്ങര വീട് എന്നയാളുടെ 276.79 ച.മീ വിസ്തീർണ്ണമുള്ള വാസഗൃഹത്തിന് നികുതി നിർണ്ണയിച്ച് 3/321B നമ്പർ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഫയലിനൊപ്പം ഹാജരാക്കിയിട്ടുള്ള കംപ്ലീഷൻ പ്ലാൻ പ്രകാരം പ്ലോട്ടിലേക്ക് 5 മീ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുണ്ട്. ആയതു പ്രകാരം വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവ് അടിസ്ഥാന വസ്തു നികുതിയിൽ വരുത്തേണ്ടതുണ്ട്. ടി കെട്ടിടത്തിന് നികുതി നിർണ്ണയിച്ചപ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തിയിരുന്നില്ല. സഞ്ചയ പ്രകാരം നികുതി നിർണ്ണയിച്ചതിലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

	അടിസ്ഥാന വസ്തുനികുതി	വർദ്ധനവ്	അടിസ്ഥാന വാർഷിക വസ്തുനികുതി	ഗ്രന്ഥശാല വരി	സേവന ഉപനികുതി	വാർഷിക വസ്തു നികുതി
ഈടാക്കിയ നികുതി	1383.95	207.5925	1592	80	160	1832

ഈടാക്കേണ്ടത്	1383.95	207.5925+276.79 = 484.38	1869	94	187	2150

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തെ (ഓഡിറ്റ് എൻക്വയറി നമ്പർ.20/27.07.21) തുടർന്ന് നികുതി പുനർ നിർണ്ണയം നടത്തുകയും കുറവ് വന്ന തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-26 റഗുലറൈസ് ചെയ്ത കെട്ടിടങ്ങളുടെ വിസ്തീർണ്ണം-സഞ്ചയയിൽ മാറ്റം വരുത്തിയിട്ടില്ല.

ഫയൽ നം എ7 2636/2020

ശ്രീ,രമേഷ്, തട്ടംപറമ്പിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള 11/225 കെട്ടിടത്തിന്റെ (പാർപ്പിടാവശ്യം) വിസ്തീർണ്ണം 120.32 ച.മീ ആയും, 11/226 നമ്പർ കെട്ടിടം (വാണിജ്യാവശ്യം) 47.64 ച.മീ ആയും റഗുലറൈസ് ചെയ്തിട്ടുണ്ട്. (രശീതി.നം 12003010124/24.6.20).എന്നാൽ സഞ്ചയയിൽ 11/225 കെട്ടിടത്തിന്റെ വിസ്തീർണ്ണം 80 ച.മീ, 11/226 കെട്ടിടത്തിന്റെ വിസ്തീർണ്ണം 35ച.മീ എന്നാണ് ചേർത്തിട്ടുള്ളത്. സഞ്ചയയിൽ കെട്ടിടങ്ങളുടെ വിസ്തീർണ്ണം മാറ്റം വരുത്തി ആയതനുസരിച്ച് വസ്തു നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-27 തുടർ സാക്ഷരതാ പ്രവർത്തനം-തുല്യത-രസീത് ഹാജരാക്കേണ്ടതാണ്

പ്രോജ്കട് നം -S0155/20-21, 33/20-21,

പത്താം തരം തുല്യതാപരീക്ഷ, ഹയർ സെക്കന്ററി തുല്യതാ ഒന്നാം വർഷം, ഹയർ സെക്കന്ററി തുല്യതാ രണ്ടാം വർഷം പരീക്ഷ എഴുതുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്നും പഠിതാക്കൾക്കുള്ള കോഴ്സ് ഫീസ്, എക്സാം ഫീസ് എന്നീ ഇനങ്ങളിലായി പ്രോജ്കട് നം - S0155/20-21 പ്രകാരം 101850 /- രൂപയും (ബിൽ നമ്പർ-15/2019-20, തീ.21.4.2021), പ്രോജ്ക്ട് നം 33/20-21, പ്രകാരം 68000 /- രൂപയും (ബിൽ നമ്പർ-507421550120015, തീ.31.3.2021) സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. മിഷന് നൽകിയ തുകയുടെ രസീത് ഹാജരാക്കേണ്ടതാണ്. സാക്ഷരതാ മിഷനിൽ നിന്നും രസീത് ലഭിക്കുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. (15/26.7.21)

1-28 കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 3 തിയ്യതി 16-7-21)

റോഡു പ്രവൃത്തികളുമായി ബന്ധപ്പെട്ട് ബിറ്റുമിൻ ഉപയോഗിച്ചുള്ള സ്പെസിഫിക്കേഷനുകൾ ഉൾപ്പെടുന്ന എസ്റ്റിമേറ്റുകളിൽ പാക്ക്ഡ് ബിറ്റുമിൻ വിലയാണ് ചേർത്തിട്ടുള്ളത്. ഈ സാഹചര്യത്തിൽ കാലി ബാരലിന് 238+18% GST ഈടാക്കേണ്ടതുണ്ടായിരുന്നുവെങ്കിലും ഇപ്രകാരം ചെയ്തിട്ടില്ല. ബിറ്റുമിൻ ഉപയോഗിച്ച് നടത്തിയറോഡ് പ്രവൃത്തികളിൽ കാലി ബാരലിന്റെ വില കണക്കാക്കി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതും പ്രസ്തുത തുക പ്രവൃത്തിക്ക വേണ്ടി ചെലവു ചെയ്ത ശീർഷകത്തിൽ അടവാക്കേണ്ടതും വിവരം ഓഡിറ്റിന് യഥാസമയം നൽകേണ്ടതുമാണ്.

1-29 റോഡു പ്രവൃത്തികൾക്ക് 5% ന പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം. 4 തിയ്യതി 16-7-21)

സ.ഉ. (എം.എസ്) നം.74 / 14/എൽ.എസ്.ജി.ഡി തിയതി.7-5-14 പ്രകാരം ഓവർഹെഡ് ചാർജ്ജസ് 5% നിരക്കിലാണ് അനുവദനീയമായിട്ടുള്ളത്. PRICE സോഫ്റ്റ് വെയറിൽ 10% നിരക്കിലാണ് ഓവർഹെഡ് ചാർജ്ജസ് അനുവദിച്ച വരുന്നത് ഈയിനത്തിൽ കരാറുകാർക്ക് അധികതുക ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ആയത് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയറെ അറിയിച്ചിട്ടുണ്ടെന്ന മറുപടി അസി.എഞ്ചിനിയർ നല്കി. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-30 എസ്.സി.കുടുംബങ്ങൾക്ക് സൗര റാന്തൽ - വൈദ്യുതീകരിച്ച വീടുള്ളവർക്ക് നൽകി - സബ്സിഡി മാർഗ്ഗരേഖയുടെ ലംഘനം

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യാഗസ്ഥയായി എസ്.സി.കുടുംബങ്ങൾക്ക് സൗരറാന്തൽ വിതരണം ചെയ്യൽ എന്ന പ്രോജക്ടിന വേണ്ടി വികസന ഫണ്ട് എസ്.സി.പി.യിൽ നിന്നും 189000 രൂപ വകയിരുത്തുകയും താഴെ പറയും പ്രകാരം 188460 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ട്രഷറി ബിൽ നമ്പർ	തീയതി	തുക (രൂപ)
54	09.03.2021	84807
50	24.02.2021	40833
45	22.01.2021	62820
	ആകെ	188460

അനർട്ട്, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും ഒരെണ്ണത്തിന് 3490 രൂപ വിലയുള്ള 60 സൗര റാന്തൽ വാങ്ങുന്നതിനാണ് തുക ചെലവഴിച്ചത്. ഒരാളിൽ നിന്നും 349 രൂപ വീതം ഗുണഭോക്തൃ വിഹിതം ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ഓഡിറ്റ് കാലയളവിൽ നിലവിലുള്ള സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.22/2018/തസ്വഭവ. തീയതി 14.02.2018 ക്രമനമ്പർ 5-ലെ

നിർദ്ദേശപ്രകാരം വൈദ്യുതി എത്താത്ത പ്രദേശങ്ങളിലെ എസ്.സി/എസ്.ടി വിഭാഗത്തിലെ വീട്ടുകൾക്കാണ് സൗരറാന്തൽ അനുവദിക്കാവുന്നത്. പ്രോജക്ട് പ്രകാരം സൗരറാന്തൽ ലഭിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിച്ചതിൽ റേഷൻ കാർഡിന്റെ ബന്ധപ്പെട്ട പേജിന്റെ പകർപ്പ് ഹാജരാക്കിയ എല്ലാവർക്കും വൈദ്യുതീകരിച്ച വീടുകൾ ഉണ്ടെന്ന് കണ്ടെത്തി. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 21/27.7.2021 മറുപടിയായി സൗരോർജ്ജം വൈദ്യുതിയാക്കി മാറ്റുന്ന നടപടികൾക്ക് പഞ്ചായത്ത് മുൻതൂക്കം നൽകി വരുന്നുണ്ടെന്നും സബ്സിഡി മാർഗ്ഗരേഖയിലെ അക്ഷയ ഊർജ്ജം പരിപാടിയുടെ ഭാഗമായാണ് ഈ പദ്ധതി ആവിഷ്കരിച്ചത് എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ നടത്തറ ഗ്രാമപഞ്ചായത്തിൽ വൈദ്യുതി എത്താത്ത പ്രദേശങ്ങൾ ഇല്ല എന്നും വൈദ്യുതീകരിച്ച പ്രദേശത്ത് താമസിക്കുന്ന ഗുണഭോക്താക്കൾക്ക് സൗരറാന്തൽ നൽകിയ നടപടിക്ക് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങി സമർപ്പിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 188460 രൂപക്ക് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കി ഓഡിറ്റിൽ ലഭ്യമാക്കുന്നതു വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-31 എസ്.ടി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് കമ്പ്യൂട്ടർ - അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് നമ്പർ 88/21 പ്രകാരം വികസനഫണ്ട് (ടി.എസ്.പി) യിൽ നിന്നും 82467 രൂപ വകയിരുത്തി ട്രഷറി ബിൽ നമ്പർ 31/23.10.2020 പ്രകാരം മുഴുവൻ തുകയും ചെലവാക്കി നടപ്പാക്കിയ "വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് - എസ്.ടി" എന്ന പ്രോജക്ട് പരിശോധിച്ചതിൽ ഗുണഭോക്താക്കളുടെ ഒപ്പ് രേഖപ്പെടുത്തുന്ന രജിസ്റ്റർ പ്രകാരം 2 പേർ മാത്രമേ ലാപ്പ്ടോപ്പ് കൈപ്പറ്റിയിട്ടുള്ളൂ എന്ന് കാണുന്നു. ബാക്കിയുള്ള ഒരു ലാപ്പ്ടോപ്പ് കമ്പ്യൂട്ടറിനെ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമായിരുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 22/27.07.2021-ന് മറുപടിയായി ടി പദ്ധതിയുടെ ഗുണഭോക്താവായ കുമാരി ഗോപിക എന്ന വിദ്യാർത്ഥിനി കോളേജ് വിദ്യാർത്ഥിനിയാണെന്ന് തെളിയിക്കുന്ന രേഖ ഹാജരാക്കിയിട്ടില്ലെന്നും കോവിഡ് മൂലം കോളേജ് അടച്ചിട്ടതിനാൽ കോളേജ് തുറന്നതിനുശേഷം മാത്രമേ സാക്ഷ്യപത്രം ഹാജരാക്കാൻ സാധിക്കുകയുള്ളൂ എന്നും അതിനാൽ ഒരു ലാപ്പ്ടോപ്പ് വിതരണം നടത്തിയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. സാക്ഷ്യപത്രം ലഭ്യമാക്കി ലാപ്പ്ടോപ്പ് വിതരണം നടത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-32 മണലിപ്പുഴയിലെ പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യൽ - പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 256/21 പ്രകാരം തനത് ഫണ്ടിൽ നിന്നും 50000 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 500000 രൂപയും വകയിരുത്തുകയും തനത് ഫണ്ടിൽ നിന്നും 40790 രൂപയും ജില്ലാപഞ്ചായത്ത് വിഹിതത്തിൽ നിന്നും 291690 രൂപയും (ട്രഷറി ബിൽ നമ്പർ 12/26.8.20) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് പരിശോധിച്ചതിൽ മണലിപ്പുഴയിൽ നിന്നും പ്രളയാവശിഷ്ടങ്ങളായ മണ്ണ്, മണൽ, തടികൾ മുതലായവ നീക്കം ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാതെയാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത് എന്ന് കാണുന്നു. ജെ.സി.ബി.യുടെ പ്രതിഫലം നിശ്ചയിക്കുന്നതിന് മാത്രം ക്വട്ടേഷൻ ക്ഷണിക്കുകയും അതനുസരിച്ച് പ്രവൃത്തി ഏല്പിച്ച് നൽകുകയുമാണ് ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തിക്ക് ആകെ 332480 രൂപ ചെലവഴിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ടെൻഡർ ചെയ്ത് നടപ്പിലാക്കാത്തതിന്റെ കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. എസ്റ്റിമേറ്റ് എടുക്കേണ്ടതു സംബന്ധിച്ച് 27.2.2020-ൽ എ4-1459/2020 നമ്പർ പ്രകാരം തൃശ്ശൂർ അഡീഷണൽ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഗ്രാമപഞ്ചായത്ത് കത്ത് നൽകിയിരുന്നു. ആയതിന് മറുപടിയായി ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ് എന്ന് ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകിയതായും കാണുന്നു. എന്നാൽ ഇക്കാര്യത്തിൽ പിന്നീട് യാതൊരു നടപടിയുമെടുക്കാതെ നേരിട്ട് പ്രവൃത്തി നടത്തുകയാണ് ചെയ്തത്. ഈ നടപടിക്ക് ഭരണ സമിതിയുടെ തീരുമാനവും ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ അപാകതക്ക് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 24/27.7.2021 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ വിശദമായ മറുപടി ലഭ്യമാക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-33 ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്റർ-തുക ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് നമ്പർ 107/21 ആയി ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്റർ നടത്തിപ്പിനായി ട്രഷറി ബിൽ നമ്പർ 37/4.12.2020 പ്രകാരം 300000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് അസി.സെക്രട്ടറിയുടെ പേരിലുള്ള പഞ്ചാബ് നാഷണൽ ബാങ്കിലുള്ള 2588000100106162 എന്ന അക്കൗണ്ട് നമ്പറിൽ നിക്ഷേപിച്ചിട്ടുണ്ട്. ടി തുക ചെലവഴിക്കാതിരുന്നതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 29/27.07.2021-ന് മറുപടിയായി കോവിഡ് വ്യാപനം മൂലം ബഡ്സ് സ്കൂൾ തുറക്കാത്തതിനാലാണ് തുക ചെലവഴിക്കാൻ സാധിക്കാതിരുന്നത് എന്ന് വിശദമാക്കിയിട്ടുണ്ട്.

ജി.ഒ.(പി)നം.177/2006/ഫിൻ. തീയതി 12.4.2016 ഖണ്ഡിക 6.1 പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഇതേ ഉത്തരവിന്റെ ഖണ്ഡിക 10.3 പ്രകാരം മുൻവർഷങ്ങളിൽ പിൻവലിച്ചതും വിനിയോഗിക്കാത്തതുമായ എ, ബി, സി ഫണ്ടുകൾ സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ് എന്നും പറയുന്നുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1-34 സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ - കൈപ്പറ്റ് രശീത്/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ ചെലവിന് ആധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

ക്രമനമ്പർ	പ്രോജക്ട് നമ്പർ/	ട്രഷറി ബിൽ	തുക	ഹാജരാക്കാത്ത

	പേര്	നമ്പർ/ തീയതി		രേഖകൾ
1	84/21 – വയോമിത്രം പദ്ധതി- ഗ്രാമപഞ്ചായത്ത് വിഹിതം	5/15.5.2020	300000	കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ കൈപ്പറ്റ് രസീത്
2	43/21 – ക്യാൻ തൃശ്ശൂർ പദ്ധതി വിഹിതം നൽകൽ	31/20.11.2020	80000	വിനിയോഗ സാക്ഷ്യപത്രം
3	145/21 – ആശ്രയ പദ്ധതി	11/13.8.2020	100000	വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
	ആകെ		480000	

മേൽപറഞ്ഞ രേഖകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൈപ്പറ്റ് രശീതിയുടെയും, വിനിയോഗ സാക്ഷ്യപത്രത്തിന്റെയും അഭാവത്തിൽ 480000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-35 ഗവൺമെന്റ് സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ – അഡ്വാൻസ് തുക കൈമാറിയിട്ടും പ്രവൃത്തി ആരംഭിച്ചില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്നും (ശുചിത്വ മിഷൻ) 600000 രൂപ വകയിരുത്തി പ്രോജക്ട് നമ്പർ 252/21 പ്രകാരം "ഗവൺമെന്റ് സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ - അക്രഡിറ്റഡ് ഏജൻസിക്ക് തുക കൈമാറൽ" എന്ന പ്രോജക്ട് പ്രകാരം മൂർക്കനിക്കര, ആശാരിക്കാട് എന്നിവിടങ്ങളിലെ സർക്കാർ യു.പി.സ്കൂളുകളിൽ ഓരോ ഫിക്സഡ് ഡോം ടൈപ്പ് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ, തൃശ്ശൂർ എന്ന സ്ഥാപനത്തിന് അഡ്വാൻസായി 20% തുകയായ 101000 രൂപ ട്രഷറി ചെക്ക് നമ്പർ 1947286/12.2.2021 പ്രകാരം കൈമാറിയിട്ടുണ്ട്. 2021 മേയ് 31-നകം ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാത്ത പക്ഷം ഫണ്ട് നഷ്ടമാകുമെന്ന് ശുചിത്വ മിഷൻ 330/ഡിഎസ്എം/20 നമ്പർ കത്ത് പ്രകാരം പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതു വരെ പണി ആരംഭിച്ചിട്ടില്ല എന്നാണ് അറിയുന്നത്. ബയോ ഗ്യാസ് പ്ലാന്റ് പണി ഇതുവരേയും തുടങ്ങാത്തതിന്റെ കാരണവും, ശുചിത്വ മിഷന്റെ ഫണ്ട് നഷ്ടമാകാതിരിക്കാൻ സ്വീകരിച്ച നടപടികളും വിശദമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 30/27.7.2021-ന് മറുപടിയായി ശുചിത്വ മിഷൻ ഫണ്ട് ഇതുവരേയും നഷ്ടമായിട്ടില്ലെന്നും കോവിഡ് വ്യാപനത്തെ തുടർന്ന് പഞ്ചായത്ത് ദീർഘകാലം കണ്ടയിൻമെന്റ് സോണിലായിരുന്നതിനാലാണ് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാതിരുന്നത് എന്നുമാണ് അറിയിച്ചിട്ടുള്ളത്. കണ്ടയിൻമെന്റ് സോണുകളിലും നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ അനുവദനീയമായതിനാൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

1-36 എസ് എസ് എ വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥ	ഹെഡ്മിസ്ട്രസ് ഗവ.യു.പി.എസ് -മൂർക്കനിക്കര
പ്രോജ്കട് നമ്പർ പേര്	32/20-21 എസ് എസ് എ വിഹിതം നൽകൽ
അടങ്കൽ	1100000 വികസന ഫണ്ട് (ജ)
ചെലവ്	1100000 ബിൽ നം 1/20-21,2/20-21,3/20-21/23.6.2021

2020-21 വർഷം എസ് എസ് കെ ക്ക് ഗ്രാമ പഞ്ചായത്തിന്റെ വിഹിതമായി 1100000 രൂപ അനുവദിച്ചിട്ടുണ്ട്. തുക വിനിയോഗിച്ച് ഏതെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുന്ന വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ഹാജരാക്കേണ്ടതാണ് .

1-37 നടത്തറ പ്രാഥമികാരോഗ്യ കേന്ദ്രം HMC വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 1 തിയ്യതി 16-7-21)

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ,

സ.ഉ (ആർ.റ്റി) നം.3379 / 14/എച്ച്. എഫ് ഡബ്ളിയു.ഡി തീയതി. 3-12-04 എന്നിവയ്ക്കു വിധേയമായി
5-9-02 ൽ രൂപം കൊണ്ടിട്ടുള്ള നടത്തറ പ്രാഥമികാരോഗ്യ കേന്ദ്രം HMC വാർഷിക കണക്കുകൾ തയ്യാറാക്കി നാളിതു വരെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-38 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ-മാർഗരേഖ പാലിച്ചില്ല.

പ്രൊജക്ട് 36/20-21 പ്രകാരം ഗ്രാമപഞ്ചായത്തു പരിധിയിലെ 8 പട്ടികജാതി വിദ്യാർത്ഥികൾക്ക് ആർട്കോയിൽ നിന്നും മേശയും കസേരയും വാങ്ങി നൽകുന്നതിനായി 39997/- രൂപ ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട് (ജി.ഒ (പി)നം.259/2010/തസ്വഭവ തീ. 8.11.2010). പ്രസ്തുത മാർഗ്ഗരേഖ അനുസരിച്ച് സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി വാങ്ങലുകൾക്ക് അംഗീകാരം നൽകേണ്ടത് പ്രൊക്യൂർമെന്റ് കമ്മറ്റിയാണ്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ തീരുമാനം ഇല്ലാതെയാണ് വാങ്ങലുകൾ നടത്തിയിരിക്കുന്നത്..

ജി.ഒ. (എം.എസ്.)നം.22/2018/ത.സ്വ.ഭ.വ തീ.14.2.2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.7പ്രകാരം ഗുണഭോക്താക്കൾക്ക് പട്ടികജാതി വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ നേരത്തെ ഫർണീച്ചർ ലഭിച്ചിട്ടില്ലെന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. ഓഡിറ്റ് എൻക്വയറി (നം.15 തീയതി.26.7.21)നൽകിയതിനെ തുടർന്ന് 2019-20, 2020-21 വർഷങ്ങളിൽ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടില്ല എന്നുള്ള പട്ടികജാതി വികസന വകുപ്പിന്റെ സാക്ഷ്യപത്രമാണ് മറുപടിയോടൊപ്പം ഹാജരാക്കിയിട്ടുള്ളത്. ഫർണിച്ചർ കൈപ്പറ്റിയ വിദ്യാർത്ഥികൾ പട്ടികജാതി വികസന വകുപ്പിൽ നിന്നും നേരത്തെ ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന പട്ടികജാതി വികസന ഓഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-39 വനിതകൾക്ക് കറവപശു വിതരണം -മാർഗരേഖ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

പ്രോജക്ട് നമ്പർ - 28/21

പ്രോജക്ട് - വനിതകൾക്ക് കറവപശു വിതരണം

വനിതകൾക്ക് തൊഴിൽ നേട്ടത്തിന് വേണ്ടി രൂപീകരിച്ച പദ്ധതിയാണ്. ഗുണഭോക്തൃ വിഹിതമായി 25000/-രൂപ ലോണായി എടുക്കുകയും, സബ്സിഡി തുക 25000/- രൂപ ലോൺ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. 50000/- രൂപ വിലയുള്ള പശുവിനെ വാങ്ങുന്നതിനുമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. മൂർക്കനിക്കര സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കാണ് ലോൺ നൽകുന്നത് (2019 20 വർഷത്തിലും ടി പദ്ധതി ഇപ്രകാരം നിർവ്വഹണം നടത്തിയിരുന്നു. ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-33 കാണുക)

ഈ പദ്ധതി പ്രകാരം 50 വനിതകൾക്ക് കറവപശു വാങ്ങുന്നതിന് സബ്സിഡി 25000/-രൂപ വീതം ആകെ 1250000/-രൂപ മൂർക്കനിക്കര സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിന് നൽകിയിട്ടുണ്ട്. തുക നൽകിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ. നം.	ട്രഷറി ബിൽ നമ്പർ, തീയ്യതി	തുക
1	P10/20-21/4-3-2021	250000
2	P11/20-21/4-3-2021	250000
3	P5/20-21/30-01-2021	300000
4	P4/20-21/30-01-2021	250000
5	P3/20-21/30-01-2021	200000

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.സബ്സിഡി മാർഗരേഖ സ.ഉ (കൈ) നം.22/2018 /ത.സ്വ.വ തീ.14/2/2018 ഖ.6.2 കുറിപ്പ് 3 ൽ വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ ചെയർമാനായും, വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളുമായിട്ടുള്ള കമ്മിറ്റി ആയിരിക്കണം മൃഗങ്ങളെ വാങ്ങേണ്ടത്. പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഈ സമിതിക്ക് നേരിട്ട് വാങ്ങാം, പ്രായം, ഗുണനിലവാരം എന്നിവ നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഗുണഭോക്താക്കൾ ഉൾപ്പെട്ട സമിതി നേരിട്ട് കറവപ്പശുക്കളെ വാങ്ങിയിട്ടില്ലയെന്നും ഗുണഭോക്താക്കൾ നേരിട്ട് വാങ്ങുകയും നിർവഹണ ഉദ്യോഗസ്ഥൻ പ്രായം, ഗുണനിലവാരം എന്നിവ സർട്ടിഫൈ ചെയ്ത് നൽകുകയുമാണ് ചെയ്തിട്ടുള്ളത് എന്നാണ് ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നത്. പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിറ്റ്സ് പരിശോധിച്ചപ്പോൾ കറവപ്പശുക്കളെ വാങ്ങുന്ന സംബന്ധിച്ച തീരുമാനങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഇപ്രകാരം വാങ്ങൽ നടത്തുന്നതിനുണ്ടായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (6/21-07-21) മറുപടിയിൽ 08/01/2021ൽ ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റിയോടൊപ്പം ചേർന്ന ടി പദ്ധതിയുടെ ഗുണഭോക്താക്കളുടെ മീറ്റിങ്ങ് മിനിറ്റ്സിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ ഗുണഭോക്താക്കൾ ഉൾപ്പെട്ട സമിതി രൂപീകരിച്ചതിന്റെ തീരുമാനംരേഖപ്പെടുത്തികാണുന്നു, ടി സമിതി പശുക്കളെ വാങ്ങേണ്ടത് നടത്തറ ഒഴികെയുള്ള പഞ്ചായത്തിൽ നിന്നാണ് എന്നും, 50000/-രൂപ വിലവരുന്ന പശുവിനെയാണ് വാങ്ങേണ്ടതെന്നും ആയതിന് വെറ്ററിനറി സർജന്റെ സാക്ഷ്യപത്രം ആവശ്യമാണെന്നും, പശുവിനെ വിൽക്കുന്ന ആളിനാണ് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന പണം നൽകേണ്ടതെന്നും തീരുമാനിച്ചുകാണുന്നു. എന്നാൽ തീരുമാനത്തിൽ സമിതി നേരിട്ടാണോ ഗുണഭോക്താക്കൾ നേരിട്ടാണോ എന്ന് വ്യക്തമാക്കിയിട്ടില്ല. മാത്രമല്ല ഗുണഭോക്താക്കൾ ഉൾപ്പെട്ട സമിതിയുടെ തീരുമാനം പഞ്ചായത്ത് പർച്ചേസ് കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ല.

2.സബ്സിഡി മാർഗരേഖ സ.ഉ (കൈ)നം.22/2018 /ത സ്വ ഭ വ തീ.14/2/2018 ഖ.6.2 കുറിപ്പ് 5 ൽ ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങിക്കുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകണം എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ ഈ പദ്ധതി പ്രകാരം സബ്സിഡിതുക പൂർണമായും (1250000രൂപ/-) മൂർക്കനിക്കര സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിലേക്കാണ് നൽകിയിട്ടുള്ളത്. ഉരുക്കളെ വിൽപ്പനനടത്തിയവരുടെ അക്കൗണ്ടിലേക്ക് തുക കൈമാറി എന്നി ഉറപ്പുവരുത്തിനാവശ്യമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3.മൂർക്കനിക്കര സർവ്വീസ് കോ ഓപ്പറേറ്റീവ്ബാങ്കുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകളും, പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണം നടത്തുമ്പോൾ സർക്കാർ മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. തുടർ വർഷങ്ങളിൽ ഇത്തരം പദ്ധതി നടത്തുമ്പോൾ ഗുണഭോക്തൃസമിതി തീരുമാനങ്ങൾ വ്യക്തമായും കൃത്യമായും മിനിറ്റ്സിൽ രേഖപ്പെടുത്തേണ്ടതും പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരം നേടേണ്ടതുമാണ്. പശുക്കളെ വിൽപ്പന നടത്തിയവരുടെ അക്കൗണ്ടിലേക്ക് തുക നൽകിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുംവരെ സബ്സിഡിനൽകിയ 1250000/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

1-40 വനിതകൾക്ക് പെണ്ണാട് വളർത്തൽ പദ്ധതി -മാർഗരേഖ പൂർണമായും പാലിച്ചിട്ടില്ല

പ്രോജക്ട് - വനിതകൾക്ക് പെണ്ണാട് വളർത്തൽ പദ്ധതി ജനറൽ (29/2020-21)

നിർവ്വഹണം - വെറ്ററിനറി സർജൻ

അടങ്കൽ തുക -250000 (125000 വികസനഫണ്ട് +125000 ഗുണഭോക്തൃവിഹിതം)
ചെലവ് -205000 (125000 വികസനഫണ്ട് +80000ഗുണഭോക്തൃവിഹിതം)

25 വനിതകൾക്ക് 2 ആടിനെ വീതം, 5000 രൂപ സബ്സിഡി, 5000 രൂപ ഗുണഭോക്തൃ വിഹിതം, ആടിനെ വാങ്ങുന്നത് ഗുണഭോക്തൃ സമിതിയുടെ മേൽനോട്ടത്തിൽ ഗുണഭോക്താവ് നേരിട്ട്, 10-12 മാസം വരുന്ന ഒരാടിന് 5000 രൂപ, സബ്സിഡി ആടിനെ വിറ്റയാൾക്ക് ലഭ്യമാക്കും. ഇപ്രകാരമാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. ഇതിൻ പ്രകാരം സബ്സിഡി തുകയായ 125000 രൂപ താഴെപ്പറയുന്ന വ്യക്തികൾക്ക് നൽകിയിട്ടുണ്ട് .

ക്രമ.നം.	ട്രഷറി ബിൽ നമ്പർ, തീയ്യതി	തുക	തുക നൽകിയത്
1	P12/20-21/5-3-2021	70000	ഉണ്ണിയാൻ കെ.പി
2	P13/20-21/20-3-2021	10000	ഉണ്ണിയാൻ കെ.പി
3	P14/20-21/30-03-2021	40000	ഉണ്ണിയാൻ കെ.പി
4	P15/20-21/30-03-2021	5000	മോഹനൻ സി.പി

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.ഗുണഭോക്തൃ സമിതിയുടെ മേൽനോട്ടത്തിൽ ഗുണഭോക്താവ് നേരിട്ട് വാങ്ങുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ പദ്ധതി നടപ്പാക്കിയത് ഇപ്രകാരമല്ല. ഗുണഭോക്തൃ സമിതിയുടെ 22/1/2021ലെ മിനിറ്റ്സ് പകർപ്പ് നിർവ്വഹണ ഉദ്യോഗസ്ഥ ഓഡിറ്റ് അന്വേഷണത്തെതുടർന്ന് ഹാജരാക്കിയിരുന്നു. ശ്രീ.ഉണ്ണിയാൻ കെ.പി, ശ്രീ.മോഹനൻ സി.പി എന്നീ ആട് വിൽപ്പനക്കാരെ ആട് വിതരണത്തിനായി ഏൽപ്പിക്കാനും വിൽപ്പനക്കാരന് സബ്സിഡിയും ഗുണഭോക്തൃവിഹിതവും അടക്കം 10000/-രൂപ വീതം അക്കൗണ്ട് ട്രാൻസ്ഫർ ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഈ തീരുമാനത്തിന് പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയിട്ടില്ല.

2. മേൽ തീരുമാനപ്രകാരം സബ്സിഡി തുക മുകളിൽ സൂചിപ്പിച്ചപ്രകാരം ശ്രീ.ഉണ്ണിയാൻ.കെ.പി, ശ്രീ.മോഹനൻ സി.പി എന്നിവർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ലഭിച്ച ആടുകളെ ലൈവ്സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. 25 ഗുണഭോക്താക്കൾ രണ്ട് വീതം ആടുകളെ ലഭിച്ചതിന്റെ കൈപ്പറ്റ് രസീത് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. ഇവരുടെ ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വാങ്ങിയ ആടുകളുടെ ഗുണമേന്മ വെറ്ററിനറി ഡോക്ടർ പരിശോധിച്ച് ഉറപ്പുവരുത്തിയതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല.

3. 125000/-രൂപ ഗുണഭോക്തൃ വിഹിതം പിരിച്ച് പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. ടി തുക ആടുകളെ വിൽപ്പന നടത്തിയവർക്ക് നൽകിയതിന്റെ വിവരം ലഭ്യമല്ല.സുലേഖ ചെലവ് പത്രിക പ്രകാരം 80000/- രൂപയുടെചെലവ് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.

5.ടി പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കും വരെ സബ്സിഡി തുകയായ 125000/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

1-41 പി.എച്ച്.സി സബ്സെന്ററിലേക്ക് യു പി.എസ്സും കംപ്യൂട്ടറുകളും വാങ്ങൽ- പദ്ധതി പൂർത്തികരിച്ചിട്ടില്ല

പ്രോജക്ട് - പി.എച്ച്.സി സബ്സെന്ററിലേക്ക് യു പി.എസ്സും കംപ്യൂട്ടറുകളും വാങ്ങൽ (122/2020-21)

നിർവ്വഹണം - മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി

ചെലവ് -199605/- 1.ബിൽ നം.24/20-21/14-03- 21, 160536 /-

2.ബിൽ നം.25/20-21/14-03- 21, 3906

പി.എച്ച്.സി സബ്സെന്ററിലേക്ക് യു പി.എസ്സും, 5കംപ്യൂട്ടറുകളും വാങ്ങുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഐ.ടി മിഷന് മേൽപ്രകാരം തുക നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ 5 കംപ്യൂട്ടറുകളിൽ 4 എണ്ണം (ബിൽ നം.24/20-21/14-03- 21, 160536 /-) ലഭിച്ചത് സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. ബിൽ നം.25/20-21/14-03- 21, 39069 /- പ്രകാരം ലഭ്യമാകേണ്ട കംപ്യൂട്ടർ ലഭ്യമായിട്ടില്ല. ആയത് ഉടൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്റ്റോക്കിലെടുത്ത് വാറന്റി സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തുകയും, ടി സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-42 KCWWF റിക്കവറി കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല

(ഓഡിറ്റ് എൻക്വയറി നം. 2തിയ്യതി 16-7-'21)

1996 ലെ ബിൽഡിങ് & അദർ കൺസ്ട്രക്ഷൻ വെൽഫയർ സെസ്സ് ആക്റ്റ് (സെൻട്രൽ ആക്റ്റ്) വകുപ്പുകൾ 3 (1), (2) എന്നിവ പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിൽ കുറയാത്ത തുക KCWWF ബോർഡിൽ അടവാക്കേണ്ടതും വകുപ്പ് 3 (3) പ്രകാരം ഇപ്രകാരം വസൂലാക്കുന്ന തുകയുടെ 1% കളക്ഷൻ ചാർജ്ജിനത്തിൽ അതത് ത.സ്വ.ഭ സ്ഥാപനത്തിന് ഈടാക്കാവുന്നതുമാണ്. ഓഡിറ്റ് കാലയളവിൽ ഇപ്രകാരം കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല. ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-43 വ്യക്തിഗത ബയോഗ്യാസ് പ്ലാന്റ് - കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

പ്രൊ.നം 282/20-21
നിർവ്വഹണ ഉദ്യോഗസ്ഥ -വി.ഇ.ഒ
വൗച്ചർ നം-4200419/31.3.21-94500/- രൂപ
ബിൽ നം-200090/29.3.21-10500/- രൂപ

മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്തിലെ 10 ഗുണഭോക്താക്കൾക്കായി ബയോഗ്യാസ് പ്ലാന്റ് യൂണിറ്റ് ഒന്നിന് 10500/-രൂപ നിരക്കിൽ 1,05,000/- രൂപ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തും സ്ഥാപനവുമായി ഏർപ്പെട്ട കരാർ പ്രകാരം അഡ്വാൻസായി 20% തുക സ്ഥാപനത്തിനു നൽകേണ്ടതും അഡ്വാൻസുകളുടെ 90% ചെലവഴിച്ചതിനുള്ള സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറക്ക് ബാക്കി 60% വും പദ്ധതി പൂർത്തീകരിച്ച കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന മുറക്ക് ബാക്കി 20% സ്ഥാപനത്തിന് നൽകേണ്ടതുമാണ്. എന്നാൽ പദ്ധതി പൂർത്തീകരിക്കുന്നതിനു മുൻപ് തന്നെ മുഴുവൻ തുകയും സ്ഥാപനത്തിനു കൈമാറിയിട്ടുണ്ട്.
പദ്ധതി പൂർത്തീകരിച്ച കംപ്ലീഷൻ സർട്ടിഫിക്കറ്റ് സ്ഥാപനത്തിൽ നിന്നും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.
നിലവിലെ കോവിഡ് സാഹചര്യവും തുടർന്ന് വന്ന ലോക്ക് ഡൗൺ മൂലം ബയോഗ്യാസ് പ്ലാന്റ് ഗുണഭോക്താക്കൾക്ക് എത്തിച്ചു നൽകിയിട്ടുണ്ടെങ്കിലും ഫിറ്റ് ചെയ്യാൻ സാധിച്ചിട്ടില്ലെന്നും ഫിറ്റ് ചെയ്യുന്ന മുറക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് (33/28.7.21) മറുപടി നൽകിയിട്ടുണ്ട് .

1-44 ലൈഫ് ഭവനപദ്ധതി -തുടർനടപടികൾ അറിയിക്കേണ്ടതാണ്.

ലൈഫ് ഭവനപദ്ധതിയുടെ ഗുണഭോക്താവായിരുന്ന ശ്രീമതി.ലീല രാഘവൻ എന്നവർക്ക് 3 ലക്ഷം രൂപ (ബിൽ നം.16/19-20,23/19-20,4/ *20-21)* അനുവദിച്ചിട്ടുണ്ട്. ടിയാരി മരണപ്പെട്ടതിനെ തുടർന്ന് പദ്ധതിയുടെ അവസാനഗഡു അനുവദിച്ചുകിട്ടുന്നതിനായി മകൾ മിനി രാഘവൻ അപേക്ഷ സമർപ്പിക്കുകയുണ്ടായി. എന്നാൽ ശ്രീമതി.ലീല രാഘവൻ രജിസ്റ്റർ ചെയ്ത മരണപത്ര പ്രകാരം മകനായ ശ്രീ.ബാബുവിനാണ് (റീസർവ്വേ നം *122/*14) ഭവനം സ്ഥിതിചെയ്യുന്ന പറമ്പുവഹകളുടെ അവകാശി . ശ്രീ.ബാബുവിന് നിലവിൽ വാസയോഗ്യമായ വീടുള്ളതിനാൽ ഒരു വീടുകൂടി അനുവദിക്കുന്നത് ലൈഫ് ഭവനപദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണെന്ന് വി.ഇ.ഒ.യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവസാനഗഡു അനുവദിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾക്കായി ലൈഫ് മിഷനോട് അപേക്ഷിക്കുന്നതിന് 29.9.2020 ലെ 5(10)നം പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയുണ്ടായി. ആയതു പ്രകാരം ലൈഫ് മിഷന് 9.10.20ന് കത്ത് നൽകിയിട്ടുണ്ട്.

മേൽ സംഗതിയിൽ സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1-45 ലൈഫ് കുടുംബങ്ങൾക്ക് ടോയ്‌ലറ്റ്

പ്രോജക്ട് നമ്പർ. 277/21

നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ

ഫണ്ട്. സ്വച്ച്ഭാരത് മിഷൻ – പെർഫോർമൻസ് ബേയ്‌സ്ഡ് ഇൻസെന്റീവ് ഗ്രാന്റ്.

ചെലവു തുക -4,92,000/- രൂപ

ലൈഫ് മിഷൻ സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതിയിൽ വീടു നിർമ്മാണത്തിന് ശുചിമുറി ഉൾപ്പെടെ മുഴുവൻ ചെലവുകൾക്കുമായി അനുവദിച്ചിരിക്കുന്ന യൂണിറ്റ് കോസ്റ്റ് നാലു ലക്ഷം രൂപയാണ്. എന്നാൽ ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ്‌ലറ്റ് നിർമാണം എന്ന പ്രോജക്ടിലുൾപ്പെടുത്തി ഗ്രാമ പഞ്ചായത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട 41 ഗുണഭോക്താക്കൾക്ക് ശുചിമുറി നിർമ്മാണത്തിനായി ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം ധനസഹായം അനുവദിച്ചപ്പോൾ അത് നാലു ലക്ഷം എന്ന യൂണിറ്റ് കോസ്റ്റിന് മുകളിലായാണ് അനുവദിച്ചത് എന്നുകാണുന്നു.

സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ലൈഫ് ഭവനപദ്ധതിയിലെ ബി.പി.എൽ, എസ്.എസി, എസ്.ടി ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മിക്കാൻ പെർഫോർമൻസ് ഇൻസെന്റീവ് തുക ഉപയോഗിക്കാം എന്നാണ് ഉത്തരവിൽ ഉള്ളത് (334/ ഡി.സി/1/18 / തസ്വഭവ Dt 21.07.2018). എന്നാൽ ഇപ്രകാരം തുക അനുവദിക്കുമ്പോൾ യൂണിറ്റ് കോസ്റ്റിൽ അധികരിച്ച് നൽകാം എന്ന് ഉത്തരവിലില്ല. ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തത വരുത്തേണ്ടതാണ്.

1-46 വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം-1,50,000/- രൂപ തടസ്സം

നിർവ്വഹണ ഉദ്യോഗസ്ഥ-ഹെഡ്മിസ്ട്രസ് ഗവ.യു.പി.എസ് -മൂർക്കനിക്കര

പ്രോജ്കട് നം 168/20-21

പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നടത്തിയതിന് ശ്രീ. മിഹിർസെൻ എന്ന വ്യക്തിക്ക് 1.5 ലക്ഷം രൂപ (ബിൽ നം 11/21.4.21) നൽകിയിട്ടുണ്ട്. പരിശീലനത്തിനായി 1,00,000/- രൂപയും നീന്തൽ ഡ്രസ്സ്, ഭക്ഷണം എന്നിവക്കായി 50000/- രൂപയുമാണ് പദ്ധതി പ്രകാരമുള്ള ചെലവ്.
പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു

1.നീന്തൽ പരിശീലനം നൽകുന്നതിനായി ശ്രീ. മിഹിർസെൻ എന്ന വ്യക്തിയെ തെരഞ്ഞെടുത്തത് എപ്രകാരമാണെന്ന് വ്യക്തമല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള ജി.ഒ (പി)നം. 259/2010/

തസ്വഭവ തീ. 8.11.2010 മാർഗ്ഗരേഖ പാലിക്കാതെയാണ് പരിശീലകനെ തെരഞ്ഞെടുത്തത്.
2.ഒരു കുട്ടിക്ക് നീന്തൽ പഠിപ്പിക്കുന്നതിന് 1000 രൂപ, നീന്തൽ ഡ്രസ്സിന് 100 രൂപ, ഭക്ഷണത്തിന് 20രൂപ എന്ന നിരക്കിൽ 100കുട്ടികൾക്ക് 20ദിവസത്തെ ക്ലാസ്സുകളാണ് നടത്തിയിട്ടുള്ളത്. ഇതിലും കുറഞ്ഞ നിരക്കിൽ നീന്തൽ പരിശീലിപ്പിക്കുന്നതിന് വ്യക്തികളുണ്ടോയെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പുവരുത്താതെയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്.
3.പരിശീലനം, പ്രതിഫലം എന്നിവ സംബന്ധിച്ച് പരിശീലകൻ നിർവ്വഹണോദ്യോഗസ്ഥനുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.
4.പദ്ധതി ആരംഭിക്കുന്നതിനു മുൻപ് ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭ ചർച്ച ചെയ്ത് അംഗീകരിക്കേണ്ടതും അംഗീകരിച്ച ലിസ്റ്റ് മുൻഗണനാക്രമം മാറ്റാതെ ഭരണ സമിതി അംഗീകരിക്കേണ്ടതാണ്. മാർഗരേഖപ്രകാരം ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.
5.നീന്തൽ പരിശീലനം പൂർത്തികരിച്ച വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
ഓഡിറ്റ് എൻക്വയറി (നം.15തിയതി.26.7.21)
പദ്ധതി നടത്തിപ്പുമായി മേൽ അപാകതകയുള്ളതിനാൽ ചെലവു തുകയായ 1,50,000/- രൂപ തടസ്സത്തിൽ വെക്കുന്നു

1-47 ഹഡ്കോ വായ്പ -തിരിച്ചടവ് - എസ്.സി.പി,ടി.എസ്.പി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാത്ത വായ്പ തുക സർക്കാർ പദ്ധതി വിഹിതത്തിൽ നിന്ന് നേരിട്ട് ഈടാക്കുന്നു

നിർവ്വഹണം - സെക്രട്ടറി

ഗ്രാമ പഞ്ചായത്തിന് ലഭിക്കുന്ന വികസന ഫണ്ടിൽ (എസ്.സി.പി,ടി.എസ്.പി) നിന്ന് താഴെപ്പറയും പ്രകാരം ലൈഫ് ഭവന പദ്ധതിയുടെ വായ്പ തിരിച്ചടവിലേക്ക് തുക കിഴിവ് ചെയ്തിട്ടുണ്ട്.

വർഷം	പ്രോജക്റ്റ്	കിഴിവ് നടത്തിയ ഉത്തരവ്	ഹഡ്കോ വായ്പ ഇനത്തിൽ കിഴിവ് നടത്തിയ തുക
2019-20	253/20-ലൈഫ് ഭവന പദ്ധതിയുടെ വായ്പ മുതൽ തിരിച്ചടവ്(എസ്.സി.പി)	സ.ഉ(സാധാ)നം. 6105/2019/ധന 01/08/2019	58824
2020-21	1. 288/21-ലൈഫ് ഭവന പദ്ധതിയുടെ വായ്പ മുതൽ തിരിച്ചടവ് (ടി.എസ്.പി)		44000
	2.289/21-ലൈഫ് ഭവന പദ്ധതിയുടെ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി)		73255

ലൈഫ് പദ്ധതിക്കായി എസ്.സി.പി, ടി.എസ്.പി ഇനത്തിൽ ഹഡ്കോ വായ്പയിൽ നിന്നും വിഹിതം വച്ചതായോ ചെലവഴിച്ചതായോ കാണുന്നില്ല (2017-18 To 2020-21). എന്നാൽ 2019-20,2020-21 വർഷങ്ങളിൽ എസ്.സി.പി, ടി.എസ്.പി പ്രോജക്ടിന്റെ വായ്പ വിഹിതത്തിന്റെ തിരിച്ചടവ് സർക്കാർ ഗ്രാന്റ് വിഹിതത്തിൽ നിന്ന് നേരിട്ട് നടത്തിയിരിക്കുന്നു. പഞ്ചായത്തിന്റെ വികസന ഫണ്ട് എസ്.സി.പി, ടി.എസ്.പി ഇനത്തിൽ നിന്ന് വായ്പയിലേക്ക് തിരിച്ചടവിനുള്ള കിഴിവ് നടത്തിയ തുക തിരികെ ലഭിക്കുന്നതിനായി ഈ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നോ എന്ന് അറിയിക്കുവൻ ഓഡിറ്റ് എൻക്വയറി നൽകിയതിനുള്ള മറുപടിയിൽ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഉടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-48 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല.

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർദ്ധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ

നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതു വരെ ഇതിനായി അക്കൗണ്ട് ആരംഭിക്കുകയോ, ദുരിതാശ്വാസനിധി രൂപീകരിക്കുകയോ ചെയ്തിട്ടില്ല. ദുരിതാശ്വാസനിധി രൂപീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നല്കിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ജില്ലാ പഞ്ചായത്ത്	172600	മണലിപ്പുഴ സംരക്ഷണം	169468	3132
ജില്ലാ പഞ്ചായത്ത്	136287	അംഗണവാടി അനുപൂരക പോഷകാഹാരം-ജനറൽ	-	136287
ജില്ലാ പഞ്ചായത്ത്	5,60,000	ലൈഫ് മിഷൻ ഭവന നിർമ്മാണം ജനറൽ	5,60,000	0
ജില്ലാ പഞ്ചായത്ത്	4,50,000	ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ് സിഡി	4,50,000	0
ജില്ലാ പഞ്ചായത്ത്	3,49,762	അംഗണവാടി അനുപൂരക പോഷകാഹാരം-ജനറൽ	3,49,762	0
ജില്ലാ പഞ്ചായത്ത്	3,48,800	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്	3,48,800	0
ജില്ലാ പഞ്ചായത്ത്	2,91,690	ജലപ്രയാണം-മണലിപ്പുഴയിലെ പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യൽ	2,91,690	0
ജില്ലാ പഞ്ചായത്ത്	2,00,000	ലൈഫ് മിഷൻ ഭവന നിർമ്മാണം- എസ് ടി	2,00,000	0

ജില്ലാ പഞ്ചായത്ത്	1,00,000	ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ	1,00,000	0
ജില്ലാ പഞ്ചായത്ത്	38,717	സാന്ത്വന പരിചരണം (പാലിയേറ്റീവ് കെയർ)	38,717	0
ബ്ലോക്ക് പഞ്ചായത്ത്	1000000	അംഗണവാടി കെട്ടിട നിർമ്മാണം	870778	129222
ബ്ലോക്ക് പഞ്ചായത്ത്	15,36,237	ലൈഫ് മിഷൻ ഭവന നിർമ്മാണം-ജനറൽ	3,60,000	11,76,237
ബ്ലോക്ക് പഞ്ചായത്ത്	5,00,000	മണലിപ്പുഴ സംരക്ഷണം	0	5,00,000
ബ്ലോക്ക് പഞ്ചായത്ത്	9,65,453	ലൈഫ് മിഷൻ ഭവന നിർമ്മാണം-ജനറൽ	9,65,453	0
ബ്ലോക്ക് പഞ്ചായത്ത്	6,83,110	ലൈഫ് ഭവനം-എസ് സി	6,83,110	0
ബ്ലോക്ക് പഞ്ചായത്ത്	4,85,774	സ്ട്രീറ്റ് മെയിൻ വലിക്കലും പോസ്റ്റ് സ്ഥാപിക്കലും	4,85,774	0
ബ്ലോക്ക് പഞ്ചായത്ത്	3,00,000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്	3,00,000	0
ബ്ലോക്ക് പഞ്ചായത്ത്	2,75,000	ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ് സിഡി	2,75,000	0
ബ്ലോക്ക് പഞ്ചായത്ത്	2,18,015	അങ്കണവാടി അനുപൂരക പോഷകാഹാരം-ജനറൽ	2,18,015	0
ബ്ലോക്ക് പഞ്ചായത്ത്	1,66,557	മുളയം ഐ.എച്ച്.ഡി.പി കോളനി ടിവി നിലയത്തിലേയ്ക്ക് മേശ,കസേര,ടിവി എന്നിവ വാങ്ങൽ	1,66,557	0
ബ്ലോക്ക് പഞ്ചായത്ത്	1,10,040	നെൽകൃഷി വികസന പദ്ധതി	1,10,040	0
ബ്ലോക്ക് പഞ്ചായത്ത്	1,00,000	സാന്ത്വന പരിചരണം(പാലിയേറ്റീവ് കെയർ)	1,00,000	0
ബ്ലോക്ക് പഞ്ചായത്ത്	34,960	തരിശ്കൃഷി വ്യാപനം	34,960	0
ബ്ലോക്ക് പഞ്ചായത്ത്	1,00,000	ലൈഫ് മിഷൻ ഭവന നിർമ്മാണം- എസ് ടി	1,00,000	0

4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവർത്തിയുടെ പേര്	വൗച്ചർ നം. / ചെക്ക് നമ്പർ	മുൻകൂർ നല്കിയ തുക	ചെലവഴിച്ച തുക
KSEB	സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കലും പോസ്റ്റ് സ്ഥാപിക്കലും		6,96,391	6,96,391
KSEB	വിവിധ സ്ഥാപനങ്ങളിലേയ്ക്ക് വൈദ്യുത കണക്ഷൻ ലഭ്യമാക്കൽ		59,023	59,023
KSEB	സ്ട്രീറ്റ് മെയിൻ വലിക്കലും പോസ്റ്റ്		13,85,774	13,85,774

	സ്ഥാപിക്കല്വം			
KSEB	എസ് സി ജനവാസകേന്ദ്രങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കല്വം പോസ്റ്റ് സ്ഥാപിക്കല്വം		1,29,596	1,29,596
KSEB	ഇലക്ട്രിക്ക് ലൈനുകളും പോസ്റ്റുകളും മാറ്റി സ്ഥാപിക്കൽ		1,52,673	1,52,673

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ/വായ്പ തിരിച്ചടവ്

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ഇ.എം.എസ് ഭവന ലോൺ	1056/2010, തി.26.03.2010	88,57,313	4,16,313	4,16,313		0
ഹഡ്കോ ലോൺ- ജനറൽ		7,60,000	58,87,678	731843		56,81,326
ഹഡ്കോ ലോൺ- എസ് സി				1,46,509		
ഹഡ്കോ ലോൺ- എസ് ടി				88,000		

4-5 സ്ഥിര നിക്ഷേപം

ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഖണ്ഡിക നമ്പർ	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	ഈടാക്കിയ തുക	രശീതി നം/തിയതി
2017-18	3-1	വൽസല.പി, അസിസ്റ്റന്റ് സെക്രട്ടറി	25000	120030105286/20.01.2021

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2009-10	3-12	2002-03 മുതൽ 2016-17 വരെ	3-12	നെല്ലാനി തോടിൽ വിസിബി കളുടെ നിർമ്മാണം സംബന്ധിച്ച്	മറുപടി സമർപ്പിച്ചിട്ടുണ്ട്.

2014-15	2-1 അനുബന്ധം3	2002-03 മുതൽ 2016-17 വരെ	2-1	വസ്തു നികുതി കുടിശ്ശിക ഈടാക്കാത്തത് സംബന്ധിച്ച്	മറുപടി സമർപ്പിച്ചിട്ടുണ്ട്.
2015-16	അനുബന്ധം5, പാര 2.4	2002-03 മുതൽ 2016-17 വരെ	2-4	തൊഴിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്	മറുപടി സമർപ്പിച്ചിട്ടുണ്ട്

4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ലഭ്യമാക്കിയിട്ടില്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	9,98,70,825
ഓഡിറ്റ് വർഷത്തെ ചെലവ്	10,28,58,063
വരവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	2193460

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-30	1,88,460	ശ്രീമതി.ശോഭിനി കെ എസ്, അസിസ്റ്റന്റ് സെക്രട്ടറി
1-34	480000	ശ്രീ.കെ.പി.അനിൽ, സെക്രട്ടറി
1-39	12,50,000	ഡോ. ശരണ്യ, വെറ്ററിനറി സർജൻ
1-40	1,25,000	,,
1-46	1,50,000	ശ്രീമതി.പത്മിനി ടി എസ്, ഹെഡ്മിസ്ട്രസ്,ജി യു പി എസ് മൂർക്കനിക്കര
ആകെ	2193460	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി.ശോഭിനി കെ എസ്, അസിസ്റ്റന്റ് സെക്രട്ടറി,	അസിസ്റ്റന്റ് സെക്രട്ടറി,നടത്തറ ഗ്രാമ പഞ്ചായത്ത്	സോപാനം, ഫീൽഡ് നഗർ, കോലഴി പി ഒ, തൃശ്ശൂർ
ഡോ. ശരണ്യ, വെറ്ററിനറി സർജൻ	വെറ്ററിനറി ഡിസ്പെൻസറി, നടത്തറ ഗ്രാമ പഞ്ചായത്ത്	പുളിയത്ത് വീട്, പൂവണി ക്ഷേത്രത്തിന് സമീപം, വിയ്യൂർ പി ഒ
ശ്രീമതി.പത്മിനി ടി എസ്, ഹെഡ്മിസ്ട്രസ്	റിട്ടയേഡ്	ഗോപുരത്തിങ്കൽ വീട്,രാമവർമ്മപുരം,കുറ്റുമുക്ക്

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1981-82	എൽ.എഫ്. ടി.എസ്.2-825/11 തീയതി.28.10.11/6.12.11
82-83	എൽ.എഫ്.ടി.എസ്.2- 825/11 തീയതി.28.10.11/6.12.11
84-85	എൽ.എഫ്.ടി.എസ്.2- 825/11 തീയതി.28.10.11/6.12.11
86-87, 87-88	എൽ.എഫ്.ടി.എസ്.2-825/11 തീയതി.28.10.11/6.12.11
88-89, 89-90, 91-92	എൽ.എഫ്.ടി.എസ്.2-825/11 തീയതി.28.10.11/6.12.11
91-92	എൽ.എഫ്.ടി.എസ്.2-825/11 തീയതി.28.10.11/6.12.11
92-93, 93-94	എൽ.എഫ്.ടി.എസ്.2-825/11 തീയതി.28.10.11/6.12.11
94-95	എൽ.എഫ്.ടി.എസ്.2- 825/11 തീയതി.28.10.11/6.12.11
95-96	എൽ.എഫ്.ടി.എസ്.2- 825/11 തീയതി.28.10.11/6.12.11
96-97 (ചെലവ്)	എൽ.എഫ്.ടി.11-893/99 തീയതി.19.4.99
96-97 (ഫൈനൽ)	എൽ.എഫ്. ടി.11-154/06 തീയതി.31.5.06
97-98 ചെലവ്	എൽ.എഫ്.ടി.893/99 തീയതി.19.4.99
97-98 ഫൈനൽ	എൽ.എഫ്.ടി.11-155/06 തീയതി.31.5.06
98-99 ചെലവ്	എൽ.എഫ്.ടി.11-662/00 തീയതി.1.9.00
98-99 ഫൈനൽ	എൽ.എഫ്.ടി.11- 1526/00 തീയതി.18.10.06
99-00,00-01, 01-02 പദ്ധതി ചെലവ്	എൽ.എഫ്.ടി.11- 1069/03 തീയതി.26.9.03
99-00 ഫൈനൽ	എൽ.എഫ്.ടി.11- 1527/06 തീയതി.20.10.06
00-01	എൽ.എഫ്.ടി.11-1683 തീയതി.4.10.08
01-02	എൽ.എഫ്.ടി.11- 2361/07 തീയതി.4.10.08
02-03	എൽ.എഫ്.ടി.11- 2370/07, തീയതി.4.10.08
03-04	എൽ.എഫ്.ടി.11- 1364/08 തീയതി.3.8.09
04-05	എൽ.എഫ്.ടി.11- 1365/08 തീയതി.3.8.09
05-06	എൽ.എഫ്.ടി.11- 1620/09 തീയതി.8.8.10
06-07	എൽ.എഫ്.ടി.11- 1621/09 തീയതി.18.8.10/31.1.11
07-08	എൽ.എഫ്.ടി(പി5) 370/11 തീയതി.11.3.11
08-09	എൽ.എഫ്. ടി(പി5) 371/11 തീയതി.15.3.11
09-10	എൽ.എഫ്.ടി(പി5) 372/11 തീയതി.15.3.11
10-11	എൽ.എഫ്. ടി(പി4) 710/12 തീയതി.18.9.12/2.3.13
11-12	എൽ.എഫ്. ടി(പി8) 1568/13 തീയതി.14.3.14/ 12.5.14
12-13	എൽ.എഫ്.ടി.പി.(പി8)379/ 14 തീയതി.12.1.15

13-14	കെ.എസ്.എ.ടി.എസ്.ആർ.(പി8)560/15 തീയതി.20.8.15/ 12.10.15
14-15	കെ.എസ്.എ.ടി.എസ്.ആർ.(പി8)1209/16 തീയതി.23.7.16
15-16	കെ.എസ്.എ.ടി.എസ്.ആർ (പി8) 2150/2016 തീയതി.16.12.16
16-17	കെ.എസ്.എ.ടി.എസ്.ആർ (പി8) 1194/ 2017 തീയതി.31.07.2017
17-18	കെ.എസ്.എ.ടി.എസ്.ആർ (പി8) 1331/ 2018 തീയതി.28.09.2018
18-19	കെ.എസ്.എ.ടി.എസ്.ആർ. (പി.8)376/2020,തിയതി 18.05.2020
2019-20	കെ.എസ്.എ.ടി.എസ്.ആർ. (പി9)1115/21, തീ.16.03.2022

ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്